"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

വിസി/10526/16.

KSHB Building, ശാന്തി നഗർ,
തിരുവനന്തപുരം-695 001,
തീയതി:-04.1.2017.

## ചുറ്ററിയിപ്പ്

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഐ.ടി.ഐ കളിൽ നിന്നും പണപ്പിരിവ് നടത്തുന്ന തായുള്ള പരാതി - സംബന്ധിച്ച്:-

സൂചന:- സർക്കാരിന്റെ 15.12.2016 ലെ സി4/104/2016/തൊഴിൽ നമ്പർ കത്ത്

സർക്കാർ ഐ.ടി.ഐ കളിൽ ശമ്പള വർദ്ധനവ് അനുവദിയ്ക്കുന്നതിന് മന്ത്രിയ്ക്ക് നൽകാനെന്ന പേരിൽ 2014 കാലയളവിൽ ചില ജീവനക്കാർ പണപ്പിരിവ് നടത്തിയതായി സർക്കാരിൽ പരാതി ലഭിച്ചിരുന്നു. ടി പരാതിയിൽ അന്വേഷണം നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ പരാതിയ്ക്കടിസ്ഥാമായ തെളിവുകൾ ലഭിച്ചിട്ടില്ല. എന്നാൽ വകുപ്പിൻകീഴിലുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരെ കബളിപ്പിച്ച് പണപ്പിരിവ് നടത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായും അത്തരം തട്ടിപ്പ് നടത്തുന്ന ജീവനക്കാർക്കെതിരെയും ആയതിലേയ്ക്ക് പണം നൽകുന്ന ജീവനക്കാർക്കെതിരെയും കർശന നടപടികൾ സ്വീകരിയ്ക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സ്ഥാപനത്തിലെ ജീവനക്കാരെ ബോധവത്ക്കരിയ്ക്കേണ്ടതും ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അടിയന്തിരമായി ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികളും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

R/6/1/17